ENTRI

1 Crore User Downloads

# CURRENT AFFAIRS 06 APR 2025



സാറാ ജോസഫ്

**2024-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരത്തിന് അർഹയായത്**

സാറാ ജോസഫ്

- 2023-ലെ മാതൃഭൂമി സാഹിത്യ പുരസ്കാര ജേതാവ് - സക്കറിയ
- 2022-ലെ മാതൃഭൂമി സാഹിത്യ പുരസ്കാര ജേതാവ് - സേതു

---





**ഭൂമിയുടെ ധ്രുവപ്രദേശങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി വിജയകരമായി വിക്ഷേപിച്ച, ലോകത്തെ ആദ്യത്തെ മനുഷ്യ ബഹിരാകാശ യാത്രാ ദൗത്യം**

ഫ്രാം 2 (Fram 2)

- സ്പേസ് എക്സ് നടത്തിയ ഒരു സ്വകാര്യ മനുഷ്യ ബഹിരാകാശ യാത്രാ ദൗത്യമാണ് ഫ്രാം 2.
- യുഎസ്സിലെ ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം.
- സ്പേസ് എക്സിന്റെ റെസിലിയൻസ് എന്ന ഡ്രാഗൺ ക്രൂ ക്യാപ്സ്യൂളിൽ നാല് യാത്രികരാണ് ഫ്രാം 2 ദൗത്യത്തിലുള്ളത്.
- ക്രിപ്റ്റോകറൻസി സംരംഭകനായ ചുൻ വാങ് ആണ് ഫ്രാം 2 ദൗത്യസംഘത്തെ നയിക്കുന്നത്.
- ഇതാദ്യമായാണ് മനുഷ്യരേയും വഹിച്ചുകൊണ്ടുള്ള ഒരു ബഹിരാകാശദൗത്യം 90 ഡിഗ്രിയിൽ ധ്രുവീയ ഭ്രമണപഥത്തിലൂടെ അഥവാ പോളാർ ഓർബിറ്റിലൂടെ ഭൂമിയെ ചുറ്റിക്കറങ്ങുന്നത്.



---




**സ്വാതന്ത്ര്യ സമര സേനാനി രാം പ്രസാദ് ബിസ്മിലിന്റെ ആത്മകഥയുടെ ഇംഗ്ലീഷ് പതിപ്പ്**

എ ഗ്ലിംസ് ഓഫ് മൈ ലൈഫ് (A Glimpse of My Life)

- ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് - അവധേഷ് ത്രിപാഠി


---

**അടുത്തിടെ ഭൗമസൂചികാപദവി ലഭിച്ച കേരളത്തിൽ കൃഷിചെയ്യുന്ന ഗ്രാമ്പൂ**

തലനാടൻ ഗ്രാമ്പൂ

- കോട്ടയം ജില്ലയിലെ തലനാട്ടിലും പരിസരങ്ങളിലും കൃഷിചെയ്യുന്ന ഗ്രാമ്പൂ ആണ് തലനാടൻ ഗ്രാമ്പൂ.

---



**ചൊവ്വയിൽ ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും വലിയ ജൈവ തന്മാത്രകളെ അടുത്തിടെ കണ്ടെത്തിയ നാസയുടെ റോവർ**

ക്യൂരിയോസിറ്റി